കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# അലയമൺ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർചെയ്ത കൈപ്പറ്റുചീട്ടുസഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി -1/56/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി – 04/04/2019

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അലയമൺ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അലയമൺ ഗ്രാമപഞ്ചായത്ത് 2017-2018 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾപ്രകാരം അലയമൺ ഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പുസഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും

ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി-1/56/2019 തീയതി:04/04/2019

## കൊല്ലം ജില്ലയിലെ അലയമൺ ഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ അലയമൺ ഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തികവർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 10.10.2017 മുതൽ 31.11.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽനിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾമാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനംനൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.മാത്യുറോയി.കെ.പി<br>ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 20-12-2018 മുതൽ<br>31-12-2018വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സജികുമാർ.ജി | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീമതി.സിജാറാണി.എസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ജയകുമാരിഅമ്മ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | | |
|---|---|---|
| | ശ്രീ.രാകേഷ്.എം | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എം.ഹംസ. | 01-04-2017 മുതൽ 31-03-2018 വരെ |
| സെക്രട്ടറി | ശ്രീ.വി.സുരേഷ് കുമാർ | 01-04-2017 മുതൽ 31-03-2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ഷാജിദാബീഗം | 01-04-2017 മുതൽ 31-03-2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ജയലക്ഷ്മി.ബി | 01-04-2017 മുതൽ 09-09-2017 വരെ |
| | ശ്രീമതി വത്സലകുമാരി രാഗി | 10-09-2017 മുതൽ 31-03-2018 വരെ |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി.ജിജിഗോപാൽ | 01-04-2017 മുതൽ 30-04-2017 വരെ |
| | ശ്രീമതി.ലതിക | 01-05-2017 മുതൽ 21-05-2017 വരെ |
| | ശ്രീമതി.ബിനി.ഡി | 22-05-2017 മുതൽ 31-03-2018 വരെ |
| വി.ഇ.ഒ(അലയമൺ) | ശ്രീമതി.ജയമോൾ കെ | 01-04-2017 മുതൽ 31-03-2018 വരെ |

| | | |
|---|---|---|
| വി.ഇ.ഒ(ചണ്ണപ്പേട്ട) | ശ്രീമതി.ഷൈനി.ആർ.എസ് | 19-10—2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.എം.ലിജി താമരശ്ശേരി | 01-04-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ.അരുൺ ജ്യൂഡ് അൽഫോൻസ് | 01-04-2017 മുതൽ 18-06-2017 വരെ |
| | ഡോ.സിമി ശ്യംകുമാർപിള്ള | 18-06-2017 മുതൽ 04-07-2017 വരെ |
| | ഡോ.രാജു രാജഗോപാലൻനായർ | 05-07-2017 മുതൽ 20-10-2017 വരെ |
| | ഡോ.സിമി ശ്യംകുമാർപിള്ള | 21-10-2017 മുതൽ 02-01-2018 വരെ |
| | ഡോ.ശ്യാംമോഹൻ | 03-01-2018 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ശ്രീമതി,മേരി സുഷമ | 01-04-2017 മുതൽ 31-03-2018 വരെ |
| .വെറ്ററിനറി സർജൻ | ഡോ.ജോയി ഫ്രാൻസിസി | 01-04-2017 മുതൽ 31-03-2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.അജീഷ് | 01-04-2017 മുതൽ |

| | | |
|---|---|---|
| | | 31-03-2018 വരെ |
| കൃഷി ഓഫീസർ | ശ്രീ.സത്യൻ.വി.എസ് | 01-04-2017 മുതൽ 06-04-2017 വരെ |
| | ശ്രീ.പ്രിയകുമാർ | 06-04-2017 മുതൽ 07-07-2017 വരെ |
| | ശ്രീ.നവാസ് | 07-07-2017 മുതൽ 12-01-2018 വരെ |
| | ശ്രീ.പ്രിയകുമാർ | 12-01-2018 മുതൽ 06-02-2018 വരെ |
| | ശ്രീമതി.അമ്പിളി.റ്റി | 06-02-2018 മുതൽ 31-03-2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.അനീഷ്കുമാർ.ജെ | 01-04-2017 മുതൽ 20-01-2018 വരെ |
| | ശ്രീമതി.രമ്യ സത്യൻ | 21-01-2018 മുതൽ 31-03-2018 വരെ |

## ഉള്ളടക്കം



| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നം. |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം | 1-3 |

| | | |
|---|---|---|
| | നൽകിയതിന്റെ വിവരം | |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം - 2 | |
| 13 | ഇ ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർക്രെഡിറ്റ് ചെയ്തിട്ടില്ല. | 2-1 |
| 14 | വസ്തുനികുതി ഈടാക്കിയതിൽ കുറവ് - ഓഡിറ്റ് നിർദ്ദേശപ്രകാരം ഈടാക്കി. | 2-2 |
| 15 | വസ്തുനികുതി പിരിവ് കാര്യക്ഷമമല്ല. | 2-3 |
| 16 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-4 |
| 17 | വാടക ഈടാക്കാൻ അവശേഷിക്കുന്നു. | 2-5 |
| 18 | ലേലം ഇനത്തിൽ പിഴപലിശ ഈടാക്കിയിട്ടില്ല. | 2-6 |
| | ഭാഗം - 3 | |
| 19 | തുണി സഞ്ചി -ബാഗ് പരിശീലനം-പദ്ധതി നടപ്പാക്കിയതിന്റെ നിർവ്വഹണരേഖകൾ ഇല്ല - നടത്തിപ്പ് മാർഗ്ഗരേഖകൾക്കും, കരാറിനും വിരുദ്ധം | 3-1 |
| 20 | പ്രവർത്തനമാരംഭിച്ചിട്ടില്ലാത്ത കുടുംബശ്രീ സംരഭത്തിന് സബ്സിഡി നൽകി | 3-2 |
| 21 | വൃദ്ധർക്ക് കട്ടിൽ -പദ്ധതി നിർവ്വഹണത്തിൽ അപാകത | 3-3 |
| 22 | ഗുണഭോക്തൃസമിതിവഴി നിർവ്വഹണം നടത്തിയിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ , ചെലവുരേഖകൾ , മോണിറ്ററിംഗ് റിപ്പോർട്ട് ഇവ ഇല്ലാതെ ഫൈനൽ ബിൽ തയ്യാറാക്കി തുക നല്കി, 12,21,345/-രൂപ തടസ്സപ്പെടുത്തുന്നു | 3-4 |
| 23 | ഗുണഭോക്തൃ സമിതിവഴി നിർവ്വഹണം നടത്തിയ മരാമത്ത് | 3-5 |

| | | |
|---|---|---|
| | പ്രവൃത്തികളിൽ യഥാർഥ ചെലവിനെ അധികരിച്ച് നല്കിയ 59,708/- രൂപ നിരാകരിക്കുന്നു | |
| 24 | കാറ്ററിംഗ് യൂണിറ്റിന് സബ്‌സിഡി മാനദണ്ഡങ്ങൾ പാലിക്കാതെ ധനസഹായം നൽകി | 3-6 |
| 25 | കുടുംബശ്രീ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്--വിതരണം,അംഗീകൃത പദ്ധതിയുടെ അടിസ്ഥാനത്തിലല്ല, സബ്‌സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം | 3-7 |
| 26 | സബ്‌സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഇനത്തിന് സബ്‌സിഡി അനുവദിച്ചു | 3-8 |
| 27 | മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ അപാകതകൾ | 3-9 |
| 28 | സമഗ്ര തുടർ വിദ്യാഭ്യാസ പരിപാടി-രേഖകൾ ഹാജരാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു. | 3-10 |
| 29 | പോസ്റ്റ് ഷിഫ്റ്റിംഗ് -വിനിയോഗരേഖകൾ ഹാജരാക്കിയിട്ടില്ല -തുക തടസ്സപ്പെടുത്തുന്നു | 3-11 |
| 30 | മെയിന്റനൻസ് പ്രവൃത്തി- ഒരേ ചെലവുരേഖകൾ ഉപയോഗിച്ച് രണ്ടുതവണ തുക ചെലവഴിച്ചു.ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ തുക തിരിച്ചടച്ചു. | 3-12 |
| | ഭാഗം - 4 | |
| 31 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 32 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 34 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 35 | സ്ഥിര നിക്ഷേപം | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 38 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 41 | അനുബന്ധം - 1, ഓഡിറ്റ് സാക്ഷ്യപത്രം 2017-18 | 1 |
| 42 | അനുബന്ധം - 2 , അനുബന്ധപത്രികകൾ | 2 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

31-03-2017 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018--- | 14-05-2018 | ----- | ----- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2017-18 | 11-06-2018 മുതൽ 12-06-2018 വരെ | കെ.എസ്.എ/കെ.എൽ.എം-പി 1/1255/18 തീയതി-03-08-2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,38,95,372 |
| വരവ് | 5,13,10,328 |
| ആകെ | 6,52,05,700 |
| ചെലവ് | 5,34,48,387 |
| നീക്കിയിരിപ്പ് | 1,17,57,313 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 13806000 | 13806000 | 11208627 | 2597373 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 6588974 | 6588974 | 4752890 | 1836084 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 141942 | 141942 | 64200 | 77742 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 4794000 | 4794000 | 4290451 | 503549 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3337000 | 3337000 | 118436 | 3218564 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 6483293 | 6483293 | 6326435 | 156858 |
| കെ.എൽ.എസ്-ജി.ഡി.പി (ACR പ്രകാരം) | | 0 | 3350126 | 3350126 | 3324267 | 25859 |
| സാക്ഷരത | | 654 | 6390 | 7044 | 6361 | 683 |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 25713780 | 25713780 | 25713780 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 17664 | 1731440 | 1749104 | 1738681 | 10423 |
| സമ്പൂർണ്ണ ശുചിത്വം | | 1182714 | 1111652 | 2294366 | 10000 | 2284366 |
| വെസ്റ്റേൺ ഘട്ട് | | 616152 | 23689 | 639841 | 0 | 639841 |
| ഐ.സി.ഡി.എസ് | | 1956345 | 1654266 | 3610611 | 858407 | 2752204 |
| കേരളോത്സവം | | 0 | 35000 | 35000 | 35000 | 0 |
| വിമുക്തി | | 25000 | 12500 | 37500 | 0 | 37500 |
| ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് (31.3.2017 – 31.3.18 -ൽ നീക്കിബാക്കിയുണ്ടായിരുന്ന സംയുക്തപദ്ധതി തുക വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.) | ബ്ലോക്ക് പഞ്ചായത്ത് | 0 | 0 | 0 | 0 | |
| | ജില്ലാ പഞ്ചായത്ത് | ------ | 450000 | 450000 | 450000 | 0 |
| തൊഴിലില്ലായ്മ വേതനം | | 0 | 135600 | 135600 | 135600 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 3002682 | 8032110 | 11034792 | 7071686 | 3963106 |
| | ട്രഷറി അക്കൗണ്ട് (ജനറൽ പർപ്പസ് ഗ്രാന്റ് ഉൾപ്പെടെ) | 5631378 | 7125000 | 12756378 | 12155771 | 600607 |
| ജനകീയ പാർപ്പിട പദ്ധതി | | 51655 | 2325 | 53980 | 0 | 53980 |
| പ്ലാൻ ആന്റ് പെൻഷൻ | | 164427 | 0 | 164427 | 133832 | 30595 |
| പെൻഷൻ | | 19358 | 748 | 20106 | 0 | 20106 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 183 | 5,96,96,900 | 128 | 3,15,70,931 | 0 | 55 | 70% |

ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ – ഇല്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 17664 | 25713780 | 25713780 | 25713780 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 1731440 | 1749104 | 1738681 | 10423 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,35,600 | 110 |
| കർഷകതൊഴിലാളി പെൻഷൻ | 42,28,300 | 346 |
| വിധവാപെൻഷൻ | 1,10,55,800 | 953 |
| വാർദ്ധക്യകാലപെൻഷൻ | 1,38,82,300 | 1089 |
| വികലാംഗപെൻഷൻ | 27,01,900 | 247 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ | 1,23,100 | 16 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-12-2018 ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 8,943/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ധനഇടപാടുകളുടെ വിവിധ രേഖകൾ ജോലിവിഭജന പ്രകാരം വിവിധ ജീവനക്കാർ പരിപാലിച്ചുവരുന്നുണ്ട്. നികുതിപിരിവിന്റെ കാര്യക്ഷമത ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി വിലയിരുത്തി നികുതിപിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. വ്യക്തമായ അക്കൌണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള പഞ്ചായത്തിലെ എല്ലാ വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്. വരവുകൾ ശരിയായ രീതിയിൽ അക്കൌണ്ട് ചെയ്യുകയും ചെലവുകൾ അധികാരപ്പെടുത്തും പ്രകാരം നടത്തി വൌച്ചറുകൾ ചിട്ടയോടെ സൂക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. പണമായും ചെക്ക്,ഡിഡിയായും നൽകുന്ന തുകകൾക്ക് കൈപ്പറ്റ് രസീതി വാങ്ങിസൂക്ഷിക്കുന്നുണ്ട്. സ്വയം പിൻവലിക്കൽ നടത്തുന്ന ചെക്കുകൾ പ്രകാരമുള്ള തുകകളിൽ ചെലവഴിക്കാൻ ശേഷിക്കുന്ന തുക പെറ്റി/സബ്സിഡിയറി കാഷ് ബുക്കിൽ ഉൾപ്പെടുത്തി അവയുടെ വിനിയോഗം എഴുതി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ആയത് പൂർണ്ണമായും പ്രാവർത്തികമാക്കുന്നില്ല. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ക്രമപ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്.

വാങ്ങലുകൾ ചുമതലപ്പെട്ട പർച്ചേസിംഗ്/പ്രൊക്യുർമെന്റ് കമ്മറ്റികളുടെ ചുമതലയിലാണ് നടത്തിയിട്ടുള്ളത്. സ്റ്റോക്ക് പരിശോധന ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ കാലാകാലങ്ങളിൽ നിർവ്വഹിച്ചുവരുന്നുണ്ട്. ആസ്തിരജിസ്ററർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുന്നില്ല. ആസ്തിയുടെ പരിശോധന നടത്തി രേഖകളുമായുള്ള പൊരുത്ത പ്പെടുത്തൽ ഉറപ്പാക്കുന്നില്ല . ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതരത്തിലുള്ള ആഭ്യന്തര നിയന്ത്രണസംവിധാനമാണ് പ്രത്യക്ഷത്തിൽ നിലനിൽക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് | 19-12-2018 | 11/2018 | 20-12-2018 |

| | | | |
|---|---|---|---|
| ഓഡിറ്റ് | | | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04-05-2017മുതൽ 17-05-2017 വരെ | 2012-13 മുതൽ 2016-17 വരെ | 29-06-2017 |

**1-12** <u>വാർഷികകണക്കുകളിലെ അപാകതകൾ</u>

<u>ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.</u>

1.2017-18ലെ ഷെഡ്യൂൾ പ്രകാരം TSC നീക്കിയിരിപ്പ് തുക 12,66,236/-രൂപയാണ്. ബി-17 ഷെഡ്യൂൾ പ്രകാരം 12,18,036/-രൂപയാണ്. TSC നീക്കിയിരിപ്പിന്റെ ആധികാരികത വായക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2.B-5 ഷെഡ്യൂൾപ്രകാരമുള്ള 22,500/-രൂപയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3.RP_43 Sundry Debtors (Receivable) Receivable for property tax on Residential buildings (current and arrear) കളക്ഷൻ തുകയും സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കളക്ഷൻ തുകയുമായി പൊരുത്തപ്പെടുന്നില്ല.

4. RP_43 Sundry Debtors (Receivable)Receivable for property tax on Non-Residential buildings (current and arrear) കളക്ഷൻ തുകയും സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കളക്ഷൻ തുകയുമായി പൊരുത്തപ്പെടുന്നില്ല.

5. 31.3.2017-ൽ ചെലവഴിക്കാതെ അവശേഷിച്ചിരുന്ന സംയുക്ത പദ്ധതികളുടെ വിഹിതം 2017-18 വർഷത്തെ വാർഷികധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല. ആയത് ഓഡിറ്റ് പരാമർശത്തെ തുടർന്ന് 2018-19 വാർഷിക കണക്കിൽ ഉൾപ്പെടുത്തി.

<u>പ്രസ്തുത സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത, വാർഷികധനകാര്യ പത്രികയുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ-</u>

1.2017-18 സാമ്പത്തിക വർഷത്തിൽ വിതരണം നടത്താനായി ലഭിച്ച വിവാഹധനസഹായ ഫണ്ട് 1,20,000/-രൂപ വാർഷിക ധനകാര്യപത്രികയിൽ വരവ്-ചെലവ് കണക്കുകളിൽ ഉൾപ്പെട്ടു വന്നിട്ടില്ല.

## ഭാഗം-2

## <u>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

**2-1** <u>ഇ ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർക്രെഡിറ്റ് ചെയ്തിട്ടില്ല.</u>

ഇ ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. . ടിതുക അലയമൺ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല. ഇതുസംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നല്കിയിട്ടില്ല.

ഇ ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ഇനത്തിൽ ലഭിക്കുവാനുള്ള മുഴുവൻ തുകയും ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം -നം 7 (a), തീ 28-12-2018

## 2-2 <u>വസ്തുനികുതി ഈടാക്കിയതിൽ കുറവ് - ഓഡിറ്റ് നിർദ്ദേശപ്രകാരം ഈടാക്കി.</u>

ശ്രീമതി.ജയശ്രീ, ഗോപാലയം, കുട്ടനാട് എന്നയാളിന്റെ ഉടമസ്ഥതയിലുള്ള ANP XI/637 നം.കെട്ടിടത്തിന് (വാസഗൃഹം) വസ്തുനികുതി നിർണ്ണയിച്ചതിൽ അടിസ്ഥാന വസ്തുനികുതിയിൻമേലുള്ള വർദ്ധനവു നൽകി നികുതി നിർണ്ണയിച്ചിട്ടില്ല.5മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശനമാർഗ്ഗമുള്ള ടി കെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതിയിൻമേൽ 20% വർദ്ധനവു വരുത്തേണ്ടതാണ് . വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | കുറവ് |
|---|---|---|
| 344.9$m^2$ X6=<br>2069.40<br>(-)206.9<br>(10%മേഖലാ<br>ഇളവ്)<br>= 1863+<br>94(L/C)<br>1957 | 344.9$m^2$ X6=<br>2069.40<br>(-)206.9<br>(10%മേഖലാ<br>ഇളവ്)<br>(+) 413.8<br>(20%<br>റോഡിന്റെ തരം)<br>=2275+<br>113<br>2388 | 431 /- |

നികുതി കുറവായി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ എൻക്വയറിയുടെ അടിസ്ഥാനത്തിൽ രസീത് നം.43/16548/31.12.2018 പ്രകാരം പുനർനിർണ്ണയിച്ച് ഈടാക്കി.

എൻക്വയറി നം.12/29.12.18

## 2-3 വസ്തുനികുതി പിരിവ് കാര്യക്ഷമമല്ല.

2017-18 സാമ്പത്തിക വർഷത്തെ വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ വസ്തുനികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്നതായി കാണുന്നു.കുടിശ്ശിക ഉൾപ്പെടെ 79.7% മാത്രമാണ് പിരിച്ചെടുത്തിട്ടുള്ളത്. ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുടെ വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| ഡിമാന്റ് | | | കളക്ഷൻ | | | ബാലൻസ് | | | ശതമാനം | | |
|---|---|---|---|---|---|---|---|---|---|---|---|
| കുടിശ്ശിക | തന്നാണ്ട് | ആകെ | കുടിശ്ശിക | തന്നാണ്ട് | ആകെ | കുടിശ്ശിക | തന്നാണ്ട് | ആകെ | കുടിശ്ശിക | തന്നാണ്ട് | ആകെ |
| 2618483 | 3573365 | 6191848 | 1907416 | 3029237 | 4936653 | 711067 | 544128 | 1255195 | 72.8 | 84.8 | 79.7 |

കുടിശ്ശിക ഉൾപ്പെടെയുള്ള 12,55,195/- രൂപ പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ്കമ്മിറ്റി ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 2-4 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിച്ചിരുന്ന ചുവടെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധവർഷം (2017-18) |
|---|---|---|
| 1 | മാവേലി സ്റ്റോർ കരുകോൺ | I & II |
| 2 | ബി.എസ്.എൻ.എൽ, ചണ്ണപ്പേട്ട | I & II |
| 3 | കെ.എസ്.ഇ.ബി കരുകോൺ | I & II |
| 4 | ഇന്ത്യൻ ബാങ്ക് ചണ്ണപ്പേട്ട | I & II |
| 5 | സപ്ലൈകോ സൂപ്പർമാർക്കറ്റ് | II |
| 6 | അസ്സീസി ഹോസ്പിറ്റൽ | I & II |
| 7 | കുന്നുവിള ബാങ്കേഴ്സ് | II |

ടി സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 വാടക ഈടാക്കാൻ അവശേഷിക്കുന്നു.

2017-18 കാലയളവിലെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന കുടിശ്ശികകളുടെ വാടക ഈടാക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

| ക്രമ | കടമുറി | വാടകക്കാർ | ഈടാക്കാനുള്ള |
|---|---|---|---|

| നം. | | എടുത്ത വ്യക്തി | തുക (രൂപ) |
|---|---|---|---|
| 1. | ചണ്ണപ്പേട്ട ഷോപ്പിംഗ് കോംപ്ലക്സ് റൂം നം.11 | ശ്രീ.രാജു രമ്യാഭവൻ ആനക്കുളം | 4,416 |
| 2. | കരുകോൺ ഷോപ്പിംഗ് കോംപ്ലക്സ് റൂം നം.1 | ശ്രീ.സണ്ണി ബേബി കരുകോൺ | 40,380 |
| 3. | കരുകോൺ ഷോപ്പിംഗ് കോംപ്ലക്സ് റൂം നം.14 | ശ്രീ.അയൂബ്ഖാൻ പുത്തയം | 4,416 |
| | | ആകെ | 49,212 |

വാടക ഇനത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ടി തുക പലിശ സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 ലേലം ഇനത്തിൽ പിഴപലിശ ഈടാക്കിയിട്ടില്ല.

ലേലഡയറി, ലേലരജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 2017-18 കാലയളവിൽ പിഴപലിശ ഇനത്തിൽ തുക ഈടാക്കാൻ അവശേഷിക്കുന്നതായി കാണുന്നു. വിശദാംശം ചുവടെചേർക്കുന്നു.

2017-18 വർഷത്തേക്ക് 20.03.2017ൽ ലേലം നടത്തിയ ചണ്ണപ്പേട്ട പബ്ലിക് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് എന്ന ഇനത്തിന്റെ ലേലം വിജയിച്ചത് ശ്രീ കെ എം സുധീർ, ആലുവിളയിൽ വീട് എന്ന വ്യക്തിയാണ് (ലേല തുക- 1,12,300/-രൂപ). ലേല പരസ്യത്തിലെ നിബന്ധനകൾ പ്രകാരം ലേല തുകയുടെ 25% തുക ലേലം ഉറപ്പിക്കുന്ന തീയതിയിലും ബാക്കി വരുന്ന തുകയുടെ പകുതി വീതം തുകകൾ ജൂൺ 30, സെപ്റ്റംബർ 30 തീയതിക്കുള്ളിൽ അടവാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി തീയതി മുതൽ 18% പിഴപലിശ കൂടി ഈടാക്കേണ്ടതാണ്. എന്നാൽ മേൽപരാമർശിച്ച ലേല ഇനത്തിൽ അടവാക്കാൻ അവശേഷിച്ച 12,300/-രൂപ 16.02.2018 ൽ മാത്രമാണ് അടവാക്കിയത്. ഈ തുകയ്ക്ക് പിഴപലിശ ഈടാക്കിയില്ല. ഈ ഇനത്തിൽ ഈടാക്കേണ്ട 837/-രൂപ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മേൽപരാമർശിച്ച ഈടാക്കാൻ അവശേഷിക്കുന്ന തുക പലിശ സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തുണി സഞ്ചി -ബാഗ് പരിശീലനം-പദ്ധതി നടപ്പാക്കിയതിന്റെ നിർവ്വഹണരേഖകൾ ഇല്ല - നടത്തിപ്പ് മാർഗ്ഗരേഖകൾക്കും, കരാറിനും വിരുദ്ധം

പ്രോജക്ട് നം-134/18

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസിസ്റ്റന്റ് സെക്രട്ടറി

ഫണ്ട് -വികസനഫണ്ട്-ജനറൽ,

ഫണ്ട് അടങ്കൽ-1,00,600/-രൂപ (വികസനഫണ്ട് -95,600/-രൂപ, ഗുണഭോക്തൃവിഹിതം-5,000/-രൂപ)

ചെലവ് തുക-50,000/-രൂപ

ബിൽ നമ്പർ-10/17-18/20-02-2018

ജി.ഒ.(എം.എസ്) നം.80/2017/ത.സ്വ.ഭ.വ/ 03.04.2017 സബ്സിഡി മാർഗ്ഗരേഖ പ്രകാരം പരിശീലനപരിപാടികൾക്കായി വികസനപണ്ട് ചെലവഴിക്കാൻ പാടില്ല. എന്നാൽ. ഗ്രാമപഞ്ചായത്തിലെ വനിതകൾക്ക് പേപ്പർബാഗ്, ബിഗ് ഷോപ്പർ നിർമ്മാണത്തിനുള്ള പരിശീലനമാണ് ടി പദ്ധതിയിലൂടെ നടപ്പാക്കിയിരിക്കുന്നത്. പദ്ധതി നടത്തിപ്പിലുള്ള മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു. 2(1)/11-01-18 നമ്പരായി ഭരണാനുമതി ലഭിച്ച പദ്ധതിയിൽ ഭൗതിക ലക്ഷ്യം സംബന്ധിച്ച വിവരങ്ങൾ, പരിശീലനത്തിന്റെ വിശദാംശങ്ങൾ എന്നിവ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. പരിശീലനം നൽകാനായി തെരഞ്ഞെടുത്ത ജൻശിക്ഷൺ സൻസ്ഥാൻ കേഡസ്, കോങ്ങാൽ, പരവൂർ എന്ന കേന്ദ്രസർക്കാർ സ്ഥാപനവുമായി 22-12-2017ൽ വച്ച കരാർ പ്രകാരം ഒരു ബാച്ചിലെ 70 പരിശീലനാർത്ഥികൾക്ക് 6 ദിവസത്തേക്ക് ട്രയിനിംഗ് നൽകുന്നതിന് 96,500/-രൂപ നൽകണമെന്നും ഒന്നാം കക്ഷിയായ ഗ്രാമപഞ്ചായത്ത് തെരഞ്ഞെടുത്ത് അയക്കുന്ന ഗുണഭോക്താക്കൾക്ക് പരിശീലനം രണ്ടാം കക്ഷിയായ പരിശീലന സ്ഥാപനം നൽകണമെന്നും പരിശീലനചെലവ് തുക ഒന്നാം കക്ഷി മുൻകൂറായി നൽകണമെന്നും ബന്ധപ്പെട്ട അധികാരികൾക്ക് പരിശീലനത്തിന്റെ പുരോഗതി പരിശോധിക്കാവുന്നതും ഗുണഭോക്താക്കളുടെ ഹാജർ വിവരം രണ്ടാം കക്ഷി സൂക്ഷിക്കേണ്ടതും ഒന്നാം കക്ഷിക്ക് (ഗ്രാമപഞ്ചായത്ത്) കൈമാറേണ്ടതുമാണ് എന്നാണ്. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്ന ഗുണഭോക്താക്കൾക്ക് ജനശിക്ഷൺ സൻസ്ഥാൻ സർട്ടിഫിക്കറ്റുകൾ നൽകേണ്ടതും പരിശീലനം പൂർത്തിയായാൽ പ്രോഗ്രാം റിപ്പോർട്ടും ഫണ്ട് വിനിയോഗ സർട്ടിഫിക്കറ്റും പരിശീലന സ്ഥാപനം ഗ്രാമപഞ്ചായത്തിന് നൽകേണ്ടതുമാണ്.

എന്നാൽ ടി കരാറിലെ നിബന്ധനകൾ പാലിക്കാതെ ഒന്നാം കക്ഷിയായ ജനശിക്ഷൺ സൻസ്ഥാൻ ആവശ്യപ്പെട്ട മുഴുവൻ തുകയും നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് സെക്രട്ടറി കൈമാറിയിരിക്കുകയാണ്. 32 ഗുണഭോക്താക്കൾക്ക് 6ദിവസത്തേക്ക് പരിശീലനം നൽകിയതിന്റെ ചെലവ് തുക 50,000/-രൂപ (മെറ്റീരിയൽ കോസ്റ്റ്-12,000/-, ഉപകരണങ്ങൾ-14,000/-, പരിശീലകനുള്ള ചാർജ്ജ് 14,000/-, ഇൻസ്റ്റിറ്റ്യൂഷണൽ ചെലവുകൾ-10,000/-) ബിൽ നമ്പർ-10/17-18/20-02-2018 പ്രകാരം പിൻവലിച്ച് നൽകിയിരിക്കുന്നു.ഗുണഭോക്തൃവിഹിതം സ്ഥാപനത്തിൽ

അടവാക്കുന്നതിന്റെ നിരക്ക് എങ്ങനെയെന്ന് പദ്ധതിയിൽ വ്യക്തമാക്കിയിട്ടില്ല. 32 ഗുണഭോക്താക്കൾക്ക് പരിശീലനം നൽകിയെന്ന് ജൻശിക്ഷൺ സൻസ്ഥാൻ ലഭ്യമാക്കിയ ചെലവ് പത്രികയിൽ പരാമർശിക്കുന്നുവെങ്കിലും പരിശോധനയ്ക്ക് ഹാജരാക്കിയ പദ്ധതി നിർവ്വഹണ രേഖകൾ പ്രകാരം 27 ഗുണഭോക്താക്കൾ 137/-രൂപ വീതം ആകെ 3,699/-രൂപ ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. ടി തുക പദ്ധതിയുടെ ഒരു ഘട്ടത്തിലും ചെലവഴിക്കപ്പെട്ടിട്ടില്ല.വികസനഫണ്ടിൽ നിന്നുമാണ് മുഴുവൻ തുകയും ചെലവഴിച്ചിരിക്കുന്നത്. എത്ര പരിശീലനാർത്ഥികൾ എത്ര ദിവസം പരിശീലനത്തിൽ പങ്കെടുത്തെന്നുള്ള ഹാജർ വിവരമോ പരിശീലനം നടത്തിയതിന്റെ പ്രോഗ്രാം റിപ്പോർട്ടോ പരിശീലനം വിജയകരമായി പൂർത്തിയാക്കിയ ഗുണഭോക്താക്കൾക്കുള്ള സർട്ടിഫിക്കറ്റോ ജൻശിക്ഷൺ സൻസ്ഥാൻ കേഡസിൽ നിന്നും ആവശ്യപ്പെടാതെ സ്ഥാപനം ആവശ്യപ്പെട്ട തുക നൽകിയിരിക്കുന്നത് തെറ്റായ നടപടിയാണ്. 70 പരിശീലനാർത്ഥികൾക്ക് തുക വകയിരുത്തിയിരുന്നുവെങ്കിലും 2017-18 സാമ്പത്തിക വർഷത്തിലെ അംഗീകൃത ഗുണഭോക്തൃപട്ടിക പ്രകാരം വാർഡ് നം-7, 9, 14എന്നിവിടങ്ങളിൽ നിന്നും ഒരോ ഗുണഭോക്താക്കൾ വീതം ആകെ മൂന്ന് ഗുണഭോക്താക്കളാണ് ഉണ്ടായിരുന്നത്. ബാക്കി ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തിരിക്കുന്നതെങ്ങനെയെന്ന് വ്യക്തമാക്കുന്ന രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അംഗീകരിച്ച ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ട മൂന്ന് ഗുണഭോക്താക്കളും ടി ഗുണഭോക്തൃവിഹിതം ഒടുക്ക് വരുത്തിയവരിൽ ഉൾപ്പെടുന്നുമില്ല.

പദ്ധതിയുടെ ഭാഗമായി തൊഴിൽ സംരഭങ്ങൾ ആരംഭിച്ചിട്ടില്ലാത്തതിനാലും സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടില്ലാത്ത ഇനത്തിനായി വികസനഫണ്ടിൽ നിന്നും ചെലവഴിച്ചതിനാലും 50,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

| | |
|---|---|
| നിരാകരിച്ച തുക | 50,000/-രൂപ |
| എൻക്വയറി നം | 8/28-12-2018,<br>11/19-12-2018 |

**3-2** <u>പ്രവർത്തനമാരംഭിച്ചിട്ടില്ലാത്ത കുടുംബശ്രീ സംരഭത്തിന് സബ്സിഡി നൽകി</u>
പ്രോജക്ട്-നമ്പർ-128/18, ലബോറട്ടറി ആരംഭിക്കാൻ ധനസഹായം

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസിസ്റ്റന്റ് സെക്രട്ടറി

വികസനഫണ്ട്-2,80,000/-(അടങ്കൽ)

ചെലവ്-2,70,000/-

ബിൽ നമ്പർ-15/17-18/18-03-2018

ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ ഗ്രൂപ്പുകൾക്ക് ലബോറട്ടറി ആരംഭിക്കാൻ സഹായം നൽകുന്നതിനായി നടപ്പിലാക്കിയ പദ്ധതിയിൽ സബ്സിഡി അനുവദിച്ചിരിക്കുന്നത് ക്രമവിരുദ്ധമായിട്ടാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തൊഴിൽ സംരഭങ്ങൾക്ക് സബ്സിഡി നൽകുമ്പോൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ ജി.ഒ(എം.എസ്) 80/2017/ത.സ്വ.ഭ.വ/03.04.17- ഖണ്ഡിക 8.7ൽ നിർദ്ദേശിച്ചിട്ടുണ്ട്.

അതുപ്രകാരം സ്വയം തൊഴിലിന് ആസ്തികൾ (സ്ത്രീകളുടെ മാത്രം ഗ്രൂപ്പ് സംരഭങ്ങൾ കുറഞ്ഞത് 5 പേരുള്ള ഗ്രൂപ്പ്)-ഗ്രൂപ്പിലെ ഒരംഗത്തിന് പരമാവധി 25,000/-രൂപ നിരക്കിൽ ആകെ പദ്ധതി അടങ്കലിന്റെ 75% പരമാവധി 3,00,000/-രൂപ വരെ മാത്രം ചെലവഴിക്കാം. സ്വയം തൊഴിൽ സംരഭം ആരംഭിക്കുന്നതിന് സർക്കാർ ധനസഹായം ലഭിച്ചവരോ ലഭിക്കുന്നവരോ ഗ്രൂപ്പിൽ അംഗങ്ങളായിരിക്കരുത്. ഗ്രൂപ്പ് രൂപീകരിച്ച് ആറ് മാസം കഴിഞ്ഞശേഷം ഗ്രേഡിംഗിൽ വിജയിച്ച ഗ്രൂപ്പ് ആയിരിക്കണം.സംരഭം ഒറ്റ യൂണിറ്റായി നടത്തി സാമ്പത്തിക ഇടപാടുകൾ ബാങ്ക് അക്കൗണ്ട് മുഖേന ആയിരിക്കണം. വായ്പാ ബന്ധിത പ്രോജക്ടായിരിക്കണം. സബ്സിഡി വായ്പ അനുവദിക്കുന്ന ബാങ്കിൽ അടക്കണം.

എന്നാൽ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത് ടി മാനദണ്ഡങ്ങൾ പാലിക്കാതെയാണ്.

1.കുടുംബശ്രീ ഗ്രൂപ്പുകൾക്ക് ധനസഹായം നല്കുന്നതിനായാണ് പദ്ധതി നടപ്പാക്കിയതെങ്കിലും ആനുകൂല്യം കൈപ്പറ്റിയ കുടുംബശ്രീ സംരഭ യൂണിറ്റ് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നതിന്റെയും ഗ്രേഡിംഗ് നടത്തിയതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 09-02-2018 ലെ ജനറൽ കമ്മിറ്റിയുടെ 7/3 നമ്പർ തീരുമാന പ്രകാരം ടി പദ്ധതിക്ക് ലാബ് ടെക്നീഷ്യൻമാരുടെ കുടുംബശ്രീ രജിസ്ട്രേഷൻ കഴിഞ്ഞ് ആറ് മാസം പൂർത്തിയായ ഗ്രാമസഭ അംഗീകരിച്ച ഗ്രൂപ്പുകൾ ഇല്ലാത്ത സാഹചര്യത്തിൽ ലാബ് ടെക്നീഷ്യൻ കോഴ്സ് പാസ്സായ പരിചയസമ്പന്നരായ യുവതികളെ ഉൾപ്പെടുത്തി ഗ്രൂപ്പ് ഉണ്ടാക്കി പ്രസ്തുത പ്രോജക്ട് നടപ്പിലാക്കുന്നതിന് തീരുമാനിച്ചു. ലാബ് തുടങ്ങുന്നതിനാവശ്യമായ കെട്ടിടം കരുകോൺ പി.എച്ച്.സി യിൽ തന്നെ ഉള്ളതിനാൽ പഞ്ചായത്തിന്റെ ധനസഹായത്തോടുകൂടി കരുകോൺ ഹെൽത്ത് സെന്ററിൽ ലാബ് ആരംഭിക്കാൻ പ്രസ്തുത കമ്മിറ്റിയോഗം തീരുമാനിച്ചു.

2.ആനുകൂല്യം അനുവദിച്ച കുടുംബശ്രീ സംരഭത്തിന്റെ പേര് ആയുഷ് ലബോറട്ടറി എന്നാണ്.ആകെ അഞ്ച് അംഗങ്ങൾ ഉള്ള ടി ഗ്രൂപ്പിന് തുക അനുവദിച്ചിരിക്കുന്നത് വായ്പ ബന്ധിത പദ്ധതി പ്രകാരമോ ബാങ്കിൽ നിന്നുള്ള വായ്പ അനുമതിയുടെ അടിസ്ഥാനത്തിലോ അല്ല. സംരഭം ആരംഭിക്കുന്നതിനായി ടി ഗ്രൂപ്പ് ബാങ്ക് വായ്പ എടുത്തിട്ടില്ല. കുടുംബശ്രീ ഗ്രൂപ്പ് പ്രോജക്ട് രൂപീകരിച്ചിട്ടില്ലാത്തതിനാൽ സംരഭത്തിന്റെ പദ്ധതി അടങ്കൽ എത്ര രൂപയാണെന്ന് വ്യക്തമല്ല.ആകെ പദ്ധതി അടങ്കലിന്റെ 75%

പരമാവധി 3,00,000/-രൂപ വരെയാണ് സബിസിഡി ആയി അനുവദിക്കേണ്ടത്. 2,70,000/-രൂപ വികസനഫണ്ടിൽ നിന്നും പിൻവലിച്ച് ടി കുടുംബശ്രീ യൂണിറ്റിന്റെ അക്കൗണ്ടിലേക്ക് (കോർപ്പറേഷൻ ബാങ്കിന്റെ ചണ്ണപ്പേട്ട് ബ്രാഞ്ച് അക്കൗണ്ട് നം-520101251797273) നൽകിയിരിക്കുകയാണ്.

3. ലബോറട്ടറി ആരംഭിക്കുന്നതിനായി രൂപീകരിച്ച ഗ്രൂപ്പിലുള്ള അഞ്ച് അംഗങ്ങളിൽ ശ്രീമതി.സാജിത.എ, ശ്രീമതി.അശ്വതി.ആർ എന്നിവർ മാത്രമാണ് ലാബ് ടെക്നീഷ്യൻ കോഴ്സിൽ ഡിപ്ലോമ പാസ്സായിരിക്കുന്നത്. ശ്രീമതി.രമ്യ രഘുനാഥ്, ശ്രീമതി.രഞ്ചു രഘുനാഥ് എന്നിവർ ജനറൽ നഴ്സിംഗ് &മിഡ് വൈഫറി കോഴ്സിൽ ഡിപ്ലോമ പാസ്സായവരാണ്. ശ്രീമതി.നീതുരാജിന്റെ യോഗ്യത വ്യക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ലാബ് ടെക്നീഷ്യൻ കോഴ്സ് പാസ്സായ യുവതികളെ ഉൾപ്പെടുത്തി ലബോറട്ടറി ആരംഭിക്കാനാണ് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരുന്നതെങ്കിലും ആയതിനടിസ്ഥാനമായ യോഗ്യത ഉള്ളവരല്ല സംരഭഗ്രൂപ്പിലുള്ളത്.

4.29-12-2018 തീയതിയിൽ കരുകോൺ ഗ്രാമപഞ്ചായത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ടി കുടുംബശ്രീ സംരഭം നാളിതുവരെ പ്രവർത്തനമാരംഭിച്ചിട്ടില്ല എന്ന് ഓഡിറ്റിൽ ബോധ്യപ്പെട്ടു.ലാബ് പ്രവർത്തിപ്പിക്കാനായി പി.എച്ചി.സി യോടനുബന്ധിച്ചുള്ള ഒരു കെട്ടിടത്തിൽ ഉപകരണങ്ങൾ സ്റ്റോക്ക് ചെയ്തിട്ടുണ്ട്. കുടുബശ്രീ ഗ്രൂപ്പിനനുവദിച്ച 2,70,000/-രൂപയിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുന്ന രേഖകളൊന്നും തന്നെ നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളെ മറികടന്ന് യാതൊരു മാനദണ്ഡവും പരിഗണിക്കാതെ കുടുംബശ്രീ രജിസ്ട്രേഷൻ പോലും സമയബന്ധിതമായി നടത്തി ഗ്രേഡിംഗ് പാസ്സായിട്ടില്ലാത്ത ഗ്രൂപ്പിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിലൂടെ സബ്സിഡി അനുവദിച്ചിരിക്കുന്നത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ലാബോറട്ടറി നാളിതു വരെ പ്രവർത്തനമാരംഭിച്ചിട്ടില്ലാത്തതിനാൽ സദ്ദ്ദേശത്തോട്ടു കൂടി പദ്ധതി നടപ്പിലാക്കാൻ ശ്രമിച്ചു എന്ന് അവകാശപ്പെടാൻ സാധിക്കില്ല. ടി കാരണത്താൽ ആകെ നൽകിയ 2,70,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

നിരാകരിച്ച തുക-2,70,000/-രൂപ

എൻക്വയറി നം-8/28-12-2018

## 3-3 <u>വൃദ്ധർക്ക് കട്ടിൽ -പദ്ധതി നിർവ്വഹണത്തിൽ അപാകത</u>

പ്രോജക്ട് നമ്പർ-76/18

ഫണ്ടിനം-വികസനഫണ്ട് (എസ്.സി.പി)

ഫണ്ട് അടങ്കൽ-10,25,500/-രൂപ

ചെലവ് തുക-5,73,650/-രൂപ (ബിൽനം-1)12/17-18/08-03-2018-1,92,500/-,

2)18/17-18/23-03-2018-1,92,500/-രൂപ

3)19/17-18/31-03-2018-1,88,650/-രൂപ

നിർവ്വഹണഉദ്യോഗസ്ഥൻ-അസിസ്റ്റന്റ് സെക്രട്ടറി

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വൃദ്ധർക്ക് നൽകുന്നതിനായി നടപ്പിലാക്കിയ പദ്ധതി പ്രകാരം വാങ്ങിയ കട്ടിലുകൾ എല്ലാം തന്നെ വിതരണം നടത്തിയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഒരു കട്ടിലിന് 3,500/-രൂപ നിരക്കിൽ 293 എണ്ണം കട്ടിലുകൾവിതരണം നടത്താനായിരുന്നു പദ്ധതി ലക്ഷ്യമിട്ടിരുന്നതെങ്കിലും ഇടെണ്ടർ ക്ഷണിച്ചപ്പോൾ ലഭിച്ച നിരക്കുകളിൽ ഹാർഡ് വുഡിൽ നിർമ്മിച്ച 3,850/രൂപയുടെ കട്ടിൽ വാങ്ങാൻ പർച്ചേസ് കമ്മിറ്റി തീരുമാനിക്കുകയും ടി നിരക്കിൽ 150 കട്ടിലുകൾക്ക് പർച്ചേസ് ഓർഡർ നൽകിയപ്പോൾ ലഭിച്ച 149 എണ്ണത്തിന്റെ ചെലവ് നടത്തുകയും ചെയ്തിട്ടുണ്ട്.

<u>പദ്ധതി നിർവ്വഹണത്തിൽ ഉണ്ടായ അപാകതകൾ ചുവടെ ചേർക്കുന്നു.</u>

1)293 എണ്ണം ഗുണഭോക്താക്കൾക്കായി ഫണ്ട് വകയിരുത്തിയ പദ്ധതിക്ക് 17-18 സാമ്പത്തികവർഷത്തിലെ അംഗീകൃത ഗുണഭോക്തൃ പട്ടിക പ്രകാരമുള്ള ഗുണഭോക്താക്കളുടെ ആകെ എണ്ണം 150 മാത്രമാണ്. ഗുണഭോക്താക്കളുടെ എണ്ണം കുറഞ്ഞപ്പോൾ അതിന് ആനുപാതികമായി തുക വകയിരുത്തി പദ്ധതി ഭേദഗതി ചെയ്ത് ബാക്കി തുക എസ്.സി.പി വിഭാഗത്തിനുള്ള മറ്റ് ക്ഷേമ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാതെ പദ്ധതി അടങ്കലിൽ അധിക തുക വരുന്നുവെന്നും വർഷാന്ത്യത്തിൽ എസ്.സി മേഖലയിൽ പുതിയ പദ്ധതി കണ്ടെത്തി തുക ചെലവഴിക്കാൻ സാധിക്കില്ല എന്ന കാരണത്തിന്റെയും കൂടി അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ സ്പെസിഫിക്കേഷനിൽ ഉൾപ്പെട്ട ആഞ്ഞിലിതടിയിൽ നിർമ്മിച്ച കട്ടിലിന് ക്വാട്ട് ചെയ്തിരുന്ന കുറഞ്ഞ നിരക്കായ 3,650/-രൂപ പരിഗണിക്കാതെ ഹാർഡ് വുഡിൽ നിർമ്മിച്ച കട്ടിൽ 3,850/-രൂപയ്ക്ക് വാങ്ങാൻ പർച്ചേസ് കമ്മിറ്റി തീരുമാനിക്കുകയായിരുന്നു (പഞ്ചായത്ത് കമ്മിറ്റിയുടെ 09-02-2018ലെ 7/2 നമ്പർ തീരുമാനം). കുറഞ്ഞ നിരക്കിലുള്ള കട്ടിൽ വാങ്ങാതിരുന്നതുമൂലം കട്ടിലൊന്നിന് 200/-രൂപ നിരക്കിൽ അധികമായി ചെലവഴിക്കേണ്ടി വന്നു. ടിയിനത്തിൽ ആകെ 29,800/- രൂപ (149 x 200) പഞ്ചായത്ത് ഫണ്ടിൽ നിന്നും അധികം ചെലവവിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. യഥാസമയം പദ്ധതി ഭേദഗതി ചെയ്യാതിരുന്നതു മൂലം പദ്ധതി അടങ്കൽ തുകയായ 10,05,500/-രൂപയിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു. 4,51,850/-രൂപ സാമ്പത്തിക വർഷാവസാനം ചെലവഴിക്കാതിരുന്നതിനാൽ എസ്.സി.പി ഫണ്ടിനത്തിൽ പഞ്ചായത്തിന് നഷ്ടപ്പെട്ടു. വ്യക്തമായ ആസൂത്രണം ഇല്ലാതെ അതായത് പദ്ധതി ആനുകൂല്യം പഞ്ചായത്തിലെ എത്ര പേർക്ക് ആവശ്യമാകും എന്ന പ്രാഥമിക സർവ്വേ ഇല്ലാതെ പദ്ധതി അടങ്കൽ വകയിരുത്തിയതാണ് ടി തുക ചെലവഴിക്കാതിരുന്നതിനുള്ള കാരണം.

2) ആകെ 149 എണ്ണം കട്ടിലുകൾവാങ്ങിയതിൽ 111 എണ്ണത്തിന്റെ വിതരണ വിശദാംശങ്ങൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. മാത്രമല്ല വാങ്ങിയ

കട്ടിലുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയുമല്ല വിതരണം നടത്തിയിരിക്കുന്നത്. ആകെ വാങ്ങിയ കട്ടിലുകളിൽ വിതരണവിശദാംശങ്ങളില്ലാത്ത 38 എണ്ണം കട്ടിലുകളുടെ വിലയായ 1,46,300/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിതരണരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്ന മുറയ്ക്ക് ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതാണ്.

3)10,25,500/-രൂപ അടങ്കൽ തുകയുള്ള പദ്ധതിയുടെ ഇ-ടെണ്ടറിൽ മൂന്ന് ടെണ്ടറുകൾ ലഭിച്ചിരുന്നതു വഴി ടെണ്ടർ ഫീ ഇനത്തിൽ 1,680/-പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടുള്ളതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4)തൻവർഷത്തെ അംഗീകൃത ഗുണഭോക്തൃപട്ടിക പ്രകാരം വാർഡ്-13ൽ ഒരു ഗുണഭോക്താവ് മാത്രമാണ് വൃദ്ധർക്ക് കട്ടിൽ എന്ന പദ്ധതിക്കുള്ളത്. എന്നാൽ ടി ഗുണഭോക്താവിന് പുറമേ ആനുകൂല്യം കൈപ്പറ്റിയിരിക്കുന്ന ശ്രീമതി.പങ്കജാക്ഷി, മരുതിവിള വീട്, പുത്തയം എന്ന ഗുണഭോക്താവിനെ ഗ്രാമസഭ അംഗീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ടി ഗുണഭോക്താവിന് അനുവദിച്ച കട്ടിലിന്റെ വിലയായ 3,850/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ടി ഗുണഭോക്താവിനെ ഗ്രാമസഭ അംഗീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.
നിരാകരിച്ച തുക – 29,800/-രൂപ

തടസ്സം-1,50,150/-രൂപ

എൻക്വയറി നം-8/28-12-2018

**3-4** <u>ഗുണഭോക്തൃസമിതിവഴി നിർവ്വഹണം നടത്തിയിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ , ചെലവുരേഖകൾ , മോണിറ്ററിംഗ് റിപ്പോർട്ട് ഇവ ഇല്ലാതെ ഫൈനൽ ബിൽ തയ്യാറാക്കി തുക നല്കി, **12,21,345/-**രൂപ തടസ്സപ്പെടുത്തുന്നു</u>

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികൾ ഗുണഭോക്തൃസമിതിവഴി നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ 1/ 1559 /2010/ സി ഇ /തസ്വഭവ ,13-11-2014 ആയി പുറപ്പെടുവിച്ചിട്ടുള്ളതാണ്.

ഇതു പ്രകാരം, ഫൈനൽ ബിൽ തയ്യാറാക്കുന്നതിനു മുമ്പായി ബന്ധപ്പെട്ട മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് വാങ്ങിയിരിക്കേണ്ടതാണ്.

ഗുണഭോക്തൃ സമിതിക്ക് പണം നല്കുന്നത് അവർക്കുള്ള യഥാർത്ഥ ചെലവോ കരാർപ്രകാരമുള്ള ബിൽതുകയോ ഇതിൽ ഏതാണോകുറവ് അതായിരിക്കും

എന്നാൽ താഴെകൊടുത്തിട്ടുള്ള ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ സമിതിയുടെ ചെലവ് രേഖകളോ ,

മോണ്റ്ററിംഗ് രിപ്പോർട്ടോ ഇല്ലാതെ ഫൈനൽ ബിൽ തയ്യാറാക്കി തുക നല്കിയിരിക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | ഗുണഭോക്തൃ സമിതി കൺവീനർ | ബിൽ നം | ബിൽ തുക (₹) |
|---|---|---|---|---|
| 1 | കളീലഴികം ചിറ റോഡ് കോൺക്രീറ്റിംഗ് | ശ്രീ. ഓമനക്കുട്ടൻ | 29/ 17-18,തീ. 21-08-17 | 79,030 |
| 2 | തേക്കിൻ കാട് കമ്പകപ്പണ റോഡ് | ശ്രീ. ജെ. സോമരാജൻ | 26/ 17-18,തീ. 21-08-17 | 78,536 |
| 3 | അലയമൺ പോസ്റ്റ് ഓഫീസ് ഇരുവേലിക്കൽ റോഡ് ഓടനിർമ്മാണം | ശ്രീ. ഓമനക്കുട്ടൻ | 27/ 17-18,തീ. 21-08-17 | 29,910 |
| 4 | പള്ളിക്കിഴക്കതിൽ റോഡ് കോൺക്രീറ്റിംഗ് | ശ്രീ. ഷെരീഫ് | 28/ 17-18,തീ. 21-08-17 | 1,54,602 |
| 5 | പനത്തുംമുക്ക് 4 ഏക്കർ കമ്പകപ്പണ റോഡ് കോൺക്രീറ്റിംഗ് | ശ്രീ.ബാബു | 24/ 17-18,തീ. 19-08-17 | 91,872 |
| 6 | പ്രശാന്ത് നഗർ കല്ലോട്ട് റോഡ് കോൺക്രീറ്റിംഗ് | ശ്രീ.ബൈജു | 31/ 17-18,തീ. 26-10-17 | 78,536 |
| 7 | കുഴിയംതടം കോളനി റോഡ് കോൺക്രീറ്റിംഗ് | ശ്രീമതി. പ്രീത | 22/ 17-18,തീ. 19-08-17 | 81,667 |
| 8 | മീനാട്ടുവിള | ശ്രീ.അനസ്റ്റിൻ അയൂബ് | 86/ | 92,793 |

| | | | | |
|---|---|---|---|---|
| | വള്ളിപ്പച്ച റോഡ് കോൺക്രീറ്റിംഗ് | | 17-18,തീ. 17-03-18 | |
| 9 | കരുകോൺ കടവറം ഏലാ റോഡ് കോൺക്രീറ്റിംഗ് | ശ്രീ.ദിലീപ് | 21/ 17-18,തീ. 19-08-17 | 78,388 |
| 10 | പുല്ലാഞ്ഞിയോട് ലക്ഷംവീട് കോളനി റോഡ് കോൺക്രീറ്റിംഗ് | ശ്രീമതി.സലീനാബീവി | 21/ 17-18,തീ. 19-08-17 | 3,57,046 |
| 11 | എൻ എസ്എസ് ഊത്താമ്പള്ളി കലുങ്ക് നിർമ്മാണം | ശ്രീ.ജിനേഷ് കുറുപ്പ് | 23/ 17-18,തീ. 19-08-17 | 1,01,935 |
| | ആകെ | | | 12,24,315 |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃസമിതിയുടെ ചെലവ് വിവരം, ബന്ധപ്പെട്ട മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് എന്നിവ കൂടാതെ നല്കിയിട്ടുള്ള 12,24,315/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് അന്വേഷണം – നം 7, തീയതി.28-12-2018

തടസ്സപ്പെടുത്തിയ തുക – 12,24,315/-രൂപ

## **3-5** ഗുണഭോക്തൃ സമിതിവഴി നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ യഥാർഥ്ഥ ചെലവിനെ അധികരിച്ച് നല്കിയ **59,708/-** രൂപ നിരാകരിക്കുന്നു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികൾ ഗുണഭോക്തൃസമിതിവഴി നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ 1/ 1559 /2010/ സി ഇ /തസ്വഭവ ,13-11-2014 ആയി പുറപ്പെടുവിച്ചിട്ടുള്ളതാണ്.

ഇതു പ്രകാരംഫൈനൽ ബിൽ തയ്യാറാക്കുന്നതിനു മുമ്പായി ബന്ധപ്പെട്ട മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് വാങ്ങിയിരിക്കേണ്ടതാണ്. ഗുണഭോക്തൃ സമിതിക്ക് പണം നല്കുന്നത് അവർക്കുള്ള യഥാർത്ഥ ചെലവോ കരാർപ്രകാരമുള്ള ബിൽതുകയോ ഇതിൽ ഏതാണോകുറവ് അതായിരിക്കും. എന്നാൽ താഴെക്കൊടുത്തിരിക്കുന്ന മരാമത്ത് പ്രവൃത്തികളിൽ ഗുണഭോക്തൃസമിതിയുടെ യഥാർഥ്ഥ ചെലവിനെ അധികരിച്ച് തുക നല്കിയിരിക്കുന്നു.

(1) പ്രവൃത്തിയുടെ പേര്--ആനക്കുളം പന്തത്തോട്ടം റോഡ്

കൺവീനർ -ശ്രീ. സജി മത്തായി

കരാർ-56/Ae/LSGD/ALN/16-17, 28-03-2017

അളവുപുസ്തകം-08/17-18

ബിൽ നം-4/17-18-10-08-17-2,00,000/-രൂപ

ബിൽ നം-5/17-18-10-08-17—1,81,673/-രൂപ

ഗുണഭോക്തൃ സമിതി ഹാജരാക്കിയിട്ടുള്ള ചെലവു രേഖകൾ പ്രകാരം ടി പ്രവൃത്തിയുട ആകെ ചെലവ് താഴെക്കൊടുത്തിരിക്കും പ്രകാരം 3,74,145/- രൂപയാണ്.

| ക്രമ നം | ഇനം | തുക (₹) |
|---|---|---|
| 1 | ക്വട്ടേഷൻ പ്രകാരം സാധനങ്ങൾ ഇറക്കിയതിന് | 1,89,745 |
| 2 | ജോലിക്കൂലി (മസ്റ്റ് റോൾ പ്രകാരം ) | 78,150 |
| 3 | മിക്സർ, വൈബ്രേറ്റർ വാടക | 11,000 |
| 4 | സിമന്റ് (ബിൽ പ്രകാരം) | 95,250 |
| | ആകെ | 3,74,145 |

എന്നാൽ അളവു പുസ്തകപ്രകാരം കണക്കാക്കിയിരിക്കുന്ന ചെലവ് 381673 രൂപയാണ്. ഗുണഭോക്തൃസമിതി യുടെ യഥാർത്ഥ ചെലവിനെ അധികരിച്ച് നടത്തിയിട്ടുള്ള (381673-374145)7,528 രൂപാ നിരാകരിക്കുന്നു. ടി തുക ഗുണഭോക്തൃസമിതിയിൽ നിന്നോ, ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

26-06-2017 ലെ ഗുണഭോക്തൃസമിതിയുടെ പൊതുയോഗത്തിൽ അവതരിപ്പിച്ച കണക്കുപ്രകാരം സിമന്റ് ബിൽ തുക 1,10,200/- രൂപായാണ്. എന്നാൽ ഹാജരാക്കിയിട്ടുള്ള രേഖകൾ പ്രകാരം സിമന്റ് ബിൽ തുക 95,250/- രൂപയാണ്. ടി പ്രവൃത്തിക്കാവശ്യമായ സിമന്റിന്റെ അളവ് 11712 കിലോഗ്രം ആണ്. ഹാജരാക്കിയ 7 ബില്ലുകൾ പ്രകാരം 12500 കിലോഗ്രാം സിമന്റ് വാങ്ങിയിട്ടുണ്ട്.ആയതിനാൽ സിമന്റ് വാങ്ങിയതിന്റ് ചെലവ് 95,250/- രൂപയാണ്.

(2) പ്രവൃത്തിയുടെ പേര്--ആലപ്പൻ ക്ഷേത്രം ലക്ഷം വീട് റോഡ്

കൺവീനർ -ശ്രീമതി.ഗോകുലം വീട്ടിൽ രാജമല്ലിക

കരാർ-26/Ae/LSGD/ALN/16-17, 30-01-2017

അളവുപുസ്തകം- നമ്പർ, തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

ബിൽ നം-12/17-18-10-08-17-2,28,527/-രൂപ

ഗുണഭോക്തൃസമിതി ഹാജരാക്കിയിട്ടുള്ള ചെലവു രേഖകൾ പ്രകാരം ടി പ്രവൃത്തിയുട ആകെ ചെലവ് താഴെക്കൊടുത്തിരിക്കും പ്രകാരം 1,76,347/- രൂപയാണ്.

| ക്രമ നം | ഇനം | തുക (₹) |
|---|---|---|
| 1 | ക്വട്ടേഷൻ പ്രകാരം സാധനങ്ങൾ ഇറക്കിയതിന് | 72,847 |
| 2 | ജോലിക്കൂലി (മസ്റ്റ് റോൾ പ്രകാരം ) | 57,700 |
| 3 | മിക്സർ, വൈബ്രേറ്റർ വാടക | 3,000 |
| 4 | സിമന്റ് (ബിൽ പ്രകാരം) | 42,800 |
| | ആകെ | 1,76,347 |

ടി ചെലവ് ഗുണഭോക്തൃസമിതി അംഗീകരിച്ചിട്ടുള്ളതാണ്. (മിനിറ്റ്സ് പേജ് നം 8)'എന്നാൽ അളവു പുസ്തകപ്രകാരം കണക്കാക്കിയിരിക്കുന്ന ചെലവ് 2,28,527/- രൂപയാണ് . ഗുണഭോക്തൃസമിതിയുടെ യഥാർത്ഥ ചെലവിനെ അധികരിച്ച് നടത്തിയിട്ടുള്ള ( 228527-176347) 52,180/-രൂപ നിരാകരിക്കുന്നു. ടി തുക ഗുണഭോക്തൃസമിതിയിൽ നിന്നോ, ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ടി അപാകതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

| |
|---|
| ഓഡിറ്റ് അന്വേഷണം – 10/ 29-12-2012 |
| ആകെ നിരാകരിച്ച തുക – 59,708/- രൂപ |

**3-6** <u>കാറ്ററിംഗ് യൂണിറ്റിന് സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെ ധനസഹായം നൽകി</u>

പ്രോജക്ട് നം-117/18.കാറ്ററിംഗ് യൂണിറ്റ്

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

ഫണ്ട് -വികസനഫണ്ട്, ₹ 2,50,000/-(അടങ്കൽ)

ചെലവ് തുക- ₹ 1,50,000/-

ബിൽ നം-9/17-18/16-02-2018- ₹ 50,000/-

13/17-18/08-03-2018- ₹ 1,00,000/-

വ്യവസായം, സ്വയംതൊഴിൽ സംരംഭ മേഖലയിൽ ഉൾപ്പെടുത്തി വനിതാ ഘടക പദ്ധതിയായി നടപ്പിലാക്കിയ പദ്ധതി പ്രകാരം കാറ്ററിംഗ് യൂണിറ്റ് ആരംഭിക്കാൻ ധനസഹായം നൽകിയിരിക്കുന്നത് സബ്സിഡി മാർഗ്ഗരേഖയ്ക്കനുസൃതമായിട്ടല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)പ്രോജക്ട് നടപ്പിലാക്കുന്നതിനായി തൻവർഷത്തെ അംഗീകൃതഗുണഭോക്തൃ പട്ടിക പ്രകാരം അർഹരായ ഗുണഭോക്താക്കൾ ഇല്ലാതിരുന്നതിനാൽ പുതുതായി സമന്വയ കാറ്ററിംഗ് യൂണിറ്റ് രൂപീകരിച്ച് അംഗീകാരം നൽകാൻ 9/1(26-12-2017) നമ്പരായി കമ്മിറ്റി തീരുമാനിച്ചെങ്കിലും ടി കാറ്ററിംഗ് യൂണിറ്റിനെ ഗ്രാമസഭ അംഗീകരിച്ചതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2)പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം (ജി.ഒ(എം.എസ്)80/2017/ത.സ്വ.ഭ.വ/03-04-2017)പ്രകാരം സ്വയംതൊഴിൽ സംരംഭം ഒറ്റ യൂണിറ്റായി നടത്തി സാമ്പത്തിക ഇടപാടുകൾ ബാങ്ക് അക്കൗണ്ട് മുഖേന ആയിരിക്കണം.വായ്പാ ബന്ധിത പ്രോജക്ടായിരിക്കണം. സബ്സിഡി വായ്പ അനുവദിക്കുന്ന ബാങ്കിൽ അടക്കണം.എന്നാൽ സമന്വയ കാറ്ററിംഗ് യൂണിറ്റ് വായ്പ ബന്ധിതമായിട്ടല്ല സംരഭം ആരംഭിച്ചിരിക്കുന്നത്. അംഗീകൃത പദ്ധതി രൂപീകരിച്ചിട്ടുമില്ല.

3)സ്വയം തൊഴിലിന് ആസ്തികൾ (സ്ത്രീകളുടെ മാത്രം ഗ്രൂപ്പ് സംരഭങ്ങൾ കുറഞ്ഞത് 5 പേരുള്ള ഗ്രൂപ്പ്)-ഗ്രൂപ്പിലെ ഒരംഗത്തിന് പരമാവധി ₹ 25,000/-രൂപ നിരക്കിൽ ആകെ പദ്ധതി അടങ്കലിന്റെ 75% പരമാവധി 3,00,000/-രൂപ വരെ മാത്രം ചെലവഴിക്കാം.ഇവിടെ അംഗീകൃത പ്രോജക്ട് പോലും രൂപീകരിച്ചിട്ടില്ലാത്ത ഗ്രൂപ്പിന് സബ്സിഡി മാനദണ്ഡങ്ങൾ പരിഗണിക്കാതെ തുക നൽകിയിരിക്കുകയാണ്. പഞ്ചായത്തിൽ നിന്നുള്ള ധനസഹായവും അംഗത്വ ഫീസും മാത്രമാണ് ടി കാറ്ററിംഗ് യൂണിറ്റിന്റെ പ്രവർത്തനഫണ്ട്.

4)വായ്പബന്ധിത പദ്ധതിയല്ലാത്തതിനാൽ സബ്സിഡി തുക പൂർണ്ണമായും കാറ്ററിംഗ് യൂണിറ്റിന്റെ സെക്രട്ടറിയുടേയും പ്രസിഡന്റിന്റേയും സംയുക്ത അക്കൗണ്ടുള്ള ചണ്ണപ്പേട്ട കോർപ്പറേഷൻ ബാങ്കിലെ അക്കൗണ്ട് നം-520101251069994 -ലേക്ക് നൽകിയിരിക്കുകയാണ്.

മേൽ സൂചിപ്പിച്ച കാരണങ്ങളാൽ പദ്ധതിക്ക് നടത്തിപ്പിനായി പിൻവലിച്ച 1,50,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

നിരാകരണം - ₹ 1,50,000/-

എൻക്വയറി നം-8/28-12-2018

സ്വയം തൊഴിൽ സംരഭം ആരംഭിക്കുന്നതിന് സർക്കാർ ധനസഹായം ലഭിച്ചവരോ

ലഭിക്കുന്നവരോ ഗ്രൂപ്പിൽ അംഗങ്ങളായിരിക്കരുത്. ഗ്രൂപ്പ് രൂപീകരിച്ച് ആറ് മാസം കഴിഞ്ഞശേഷം ഗ്രേഡിംഗിൽ വിജയിച്ച ഗ്രൂപ്പ് ആയിരിക്കണം.

**3-7** <u>കുടുംബശ്രീ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്--വിതരണം, അംഗീകൃത പദ്ധതിയുടെ അടിസ്ഥാനത്തിലല്ല, സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം</u>

പ്രോജക്ട് നം-109/18

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസിസ്റ്റന്റ് സെക്രട്ടറി

ഫണ്ട് -വികസനഫണ്ട് (ജനറൽ)

ഫണ്ട് അടങ്കൽ- ₹ 5,55,000/-

ചെലവ്- ₹ 3,47,500/-

ബിൽ നം-4/17-18/06-01-2018-3,32,500/-

-16/17-18/26-03-2018-₹ 15,000/-

ഗ്രാമപഞ്ചായത്തിലെ 222 കുടുബശ്രീ സംഘങ്ങൾക്ക് 2,500/-രൂപ വീതം നൽകി വനിതകളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും വനിതാ ശാക്തീകരണം ത്വരിതപ്പെടുത്തുന്നതിനുമായി രൂപീകരിച്ച പദ്ധതിയിൽ ആനുകൂല്യ വിതരണം നടത്തിയിരിക്കുന്നത് 17-18 സാമ്പത്തിക വർഷത്തിൽ സബ്സിഡി അനുവദിക്കേണ്ട മാനദണ്ഡങ്ങൾ പ്രകാരമല്ല. വിശദാംശങ്ങൾചുവടെ ചേർക്കുന്നു.

ജി.ഒ(എം.എസ്)80/2017/ത.സ്വ.ഭ.വ/03-04-2017 ഖണ്ഡിക 6-2-റിവോൾവിംഗ് ഫണ്ട് രൂപീകരണവും വിനിയോഗവും -പ്രകാരം സംരഭകത്വ വികസനത്തിനായി തദ്ദേശസ്വയംഭരണസ്ഥാപനം നിശ്ചയിക്കുന്ന തുക പ്രോജക്ടിലൂടെ റിവോൾവിംഗ് ഫണ്ടിലേക്ക് വകയിരുത്തി സംരഭകർക്ക് വിതരണം നടത്തുന്നത് അംഗീകൃത പ്രോജക്ട് കോസ്റ്റിന്റെ അടിസ്ഥാനത്തിലായിരിക്കണം.

തൻവർഷം പഞ്ചായത്തിൽ ഗ്രാമസഭയിലൂടെ തെരെഞ്ഞെടുക്കപ്പെട്ട 139 എണ്ണം കുടുംബശ്രീ ഗ്രൂപ്പുകൾക്ക് 2,500/-രൂപ വീതം റിവോൾവിംഗ് ഫണ്ട് അനുവദിച്ചിരിക്കുന്നത് സംരഭകരുടെ അംഗീകൃതപ്രോജക്ടുകളുടെ അടിസ്ഥാനത്തിലല്ല. 6 ഗ്രൂപ്പുകളുടെ രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിരിക്കുന്നത്. അംഗീകൃത പദ്ധതിയുടെ അടങ്കൽ തുകയ്ക്ക് അനുസൃതമായല്ല സംരഭകർക്ക് തുക അനുവദിച്ചിരിക്കുന്നത്.

ബിൽ നം. 16/17-18/26.3.18 പ്രകാരം ആറു ഗ്രൂപ്പുകൾക്കാണ് സബ്സിഡി തുക അനുവദിച്ചത്. ആയതിൽ നവധാര യൂണിറ്റിന്റെ രേഖകൾ പ്രകാരം ഗ്രൂപ്പിൽ നിന്നുമുള്ള 2,500/-രൂപയും റിവോൾവിംഗ് ഫണ്ട് 2,500/-രൂപയും ചേർത്ത് ആകെ

5,000/-രൂപയുടെ കുത്തരി വ്യവസായ യൂണിറ്റ് ആരംഭിക്കാനാണ് പദ്ധതി. ഏതെങ്കിലും ബാങ്കിൽ നിന്നുമുള്ള വായ്പ അധിഷ്ഠിതമായിട്ടല്ല പദ്ധതി തയ്യാറാക്കിയിരിക്കുന്നത് ആയതിനാൽ ടി തുകയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

ബിൽ നം-4/17-18/06-01-2018-332500/-പ്രകാരം ആനുകൂല്യം കൈപ്പറ്റിയ 133 ഗ്രൂപ്പുകളുടേയും, ബിൽ നം-16/17-18/26-03-2018- പ്രകാരം ആനുകൂല്യം കൈപ്പറ്റിയ 5 ഗ്രൂപ്പുകളുടേയും അപേക്ഷ, അംഗീകരിച്ച പ്രോജക്ട് എന്നിവയൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ടി ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ടിനത്തിൽ അനുവദിച്ച നൽകിയ 3,47,500/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. റിവോൾവിംഗ് ഫണ്ട് അനുവദിക്കാനാധാരമായ അംഗീകൃത പദ്ധതിരേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതാണ്.
നിരാകരിച്ച തുക-2,500/-രൂപ
തടസ്സപ്പെടുത്തിയ തുക-3,45,000/-രൂപ
എൻക്വയറി നം-8/28-12-2018

**3-8** <u>സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഇനത്തിന് സബ്സിഡി അനുവദിച്ചു</u>
പ്രോജക്ട് നമ്പർ-80/17-18,ശുചിത്വകക്കൂസ് നിർമ്മാണം

നിർവ്വഹണ ഉദ്യോഗസ്ഥൻ-വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ഫണ്ട്-വികസനഫണ്ട് (ജനറൽ)

അടങ്കൽ തുക-6,77,600/-രൂപ

ചെലവ് തുക-46,200/-(ബിൽ നം-19/17-18/15-03-2018)

ജി.ഒ(എം.എസ്) 80/2017/ത.സ്വ.ഭ.വ/03-04-2017 പ്രാകാരം ഗാർഹിക കക്കൂസുകൾ നിർമ്മിക്കുമ്പോൾ വികസനഫണ്ടിൽ നിന്നും സബ്സിഡി അനുവദിക്കാൻ നിർദ്ദേശം നൽകിയിട്ടില്ല.എന്നാൽ തൻവർഷംപി.എം.എ.വൈ പദ്ധതി പ്രകാരം പുതിയതായി ഭവനനിർമ്മാണം നടത്തിയ മൂന്ന് ഗുണഭോക്താക്കൾക്ക് 15,400/-രൂപ വീതം ആകെ 46,200/-രൂപ ടി പദ്ധതിയിലൂടെ സബ്സിഡിയായി അനുവദിച്ചിരിക്കുന്നു. ആയതിന് വിശദീകരണം ആവശ്യപ്പെട്ടപ്പോൾ ജി.ഒ(എം.എസ്)72/2017/ത.സ്വ.ഭ.വ/29-03-2017 പ്രകാരം ബി.പി.എൽ വിഭാഗങ്ങൾക്കുള്ള പുതിയ കേന്ദ്രാവിഷ്കൃത-സംസ്ഥാനാവിഷ്കൃത പദ്ധതികൾ പ്രകാരം വീട് വയ്ക്കുന്ന ഗുണഭോക്താക്കൾക്ക് മാത്രം വ്യക്തിഗത ഗാർഹിക കക്കൂസുകൾ പണിയുന്നതിന് പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തിന് വയ്ക്കാമെന്നും എന്നാൽ ജി.ഒ(എം.എസ്) 80/2017/ത.സ്വ.ഭ.വ/03-04-2017 നമ്പർ സബ്സിഡി മാർഗ്ഗരേഖയിൽ യൂണിറ്റ് കോസ്റ്റ് നിർദ്ദേശിച്ചിട്ടില്ലാത്തതിനാൽ ആയതിന് സ്പഷ്ടീകരണം ലഭ്യമാക്കുന്നതിനായി സർക്കാരിലേക്ക് അപേക്ഷ നൽകിയെങ്കിലും മറുപടി സമയബന്ധിതമായി ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ ഫണ്ട് തുക

ലാപ്സാകാതിരിക്കുന്നതിനാണ് പദ്ധതി ചെലവ് നടത്തിയതെന്ന് മറുപടി ലഭ്യമാക്കി.

മുൻ വർഷങ്ങളിൽ പദ്ധതി നടപ്പിലാക്കിയപ്പോൾ 3,000/-രൂപ മാത്രമാണ് വികസനഫണ്ടിൽ നിന്നും വകയിരുത്തിയിരുന്നത്. ബാക്കി തുക സമ്പൂർണ്ണ ശുചിത്വ ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചിരുന്നത്. സർക്കാർ നിർദ്ദേശമില്ലാതെ വികസനഫണ്ടിൽ നിന്നും തുക ചെലവഴിച്ചിരിക്കുന്നതിനാൽ ടി ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

എൻക്വയറി നം. -4/24.12.2018

നിരാകരിച്ച തുക – 46,200/-രൂപ

## **3-9** മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ അപാകതകൾ

### 1) റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗ നിർദ്ദേശങ്ങൾ ജി.ഓ(എം.എസ്) നം.72/2017/lsgd തീയതി 29-03-2017 ലെ ഖണ്ഡിക 12.10(1) പ്രകാരം ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കണം. റോഡ് നിർമ്മാണ പ്രോജക്ടിനൊപ്പം റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രോജക്ട് പ്രകാരം നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖയിൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ നാളിതുവരെയും റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. റോഡ് കണക്ടിവിറ്റി മാപ്പ്തയ്യാറാക്കി അതിൻപ്രകാരം റോഡ് പ്രവൃത്തികൾ ചെയ്യാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

### 2)ടെണ്ടർ നടപടികൾക്ക് മത്സര സ്വഭാവമില്ല

ഗ്രാമപഞ്ചായത്തിൽ 23-11-2017 ലേ 8(1) നമ്പർ തീരുമാനപ്രകാരം റീ ടെണ്ടർ നടപടികളിലൂടെ അംഗീകരിച്ച 48 മരാമത്ത് പ്രവൃത്തികളും സിംഗിൾ ടെണ്ടർ ആണ്. ഇവയെല്ലാം തന്നെ എസ്റ്റിമേറ്റ് നിരക്കിലുള്ള ടെണ്ടറുകളുമാണ്. കരാറുകാർ തമ്മിലുള്ള ഒത്തുകളികളാണ് ഇത്തരം സ്ഥിതി വിശേഷത്തിൽ എത്തിക്കുന്നത്. പ്രവൃത്തികൾ ഇ ടെണ്ടർ ചെയ്തിരുന്നുവെങ്കിൽ ടെണ്ടറുകൾക്ക് മത്സര സ്വഭാവം ഉണ്ടാകുമായിരുന്നു. 2017-18 സാമ്പത്തിക വർഷം ടെണ്ടർ ചെയ്ത എല്ലാപ്രവൃത്തികൾക്കും സിംഗിൾ ടെണ്ടർ മാത്രമാണ് ലഭിച്ചിട്ടുള്ളത് എന്നത് ടെണ്ടർ നടപടികളിലെ ക്രമക്കേടുകളിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. ഇത്തരം ക്രമക്കേടുകൾ ഒഴിവാക്കുന്നതിന് മരാമത്ത് പ്രവൃത്തികൾ പൂർണ്ണമായും ഇ-ടെണ്ടർ സംവിധാനത്തിലേക്ക് മാറേണ്ടതാണ്.

### 3)ഗുണഭോക്തൃ സമിതി വഴിയുള്ള മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം

പൊതുമരാമത്ത് പ്രവൃത്തികൾ ഗുണഭോക്തൃസമിതി വഴി നിർവ്വഹണം നടത്തുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമം സംബന്ധിച്ച 13-11-2014ൽ 1 /1559/ 2010 /സി ഇ / ത സ്വ ഭ വ സർക്കുലറിലെ നിർദ്ദേശങ്ങൾ ഒന്നും തന്നെ പാലിച്ചുവരുന്നില്ല..ഇതു പ്രകാരം ഫൈനൽ ബിൽ തയ്യാറാക്കുന്നതിനു മുമ്പായി ബന്ധപ്പെട്ട മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് വാങ്ങിയിരിക്കേണ്ടതാണ്.

ഗുണഭോക്തൃസമിതിക്ക് പണം നല്കുന്നത് അവർക്കുള്ള യഥാർത്ഥ ചെലവോ കരാർപ്രകാരമുള്ള ബിൽതുകയോ ഇതിൽ ഏതാണോകുറവ് അതായിരിക്കും

എന്നാൽ പല പ്രവൃത്തികളിലും ഗുണഭോക്തൃസമിതിയുടെ ചെലവുരേഖകൾ പോലും വാങ്ങാതെ അന്തിമ ബിൽ പ്രകാരം തുക നല്കിയിരിക്കുന്നു. ഒരു പ്രവൃത്തിയോടൊപ്പവും മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല. ഗുണഭോക്തൃസമിതിയുടെ പ്രവർത്തനം രൂപീകരണ യോഗത്തിൽ ഒതുങ്ങുന്നു. ഗുണഭോക്തൃസമിതിയുടെ മറവിൽ ബിനാമി ഇടപാടുകൾക്ക് അവസരം നല്കുന്ന രീതിയിലാണ് ഗുണഭോക്തൃസമിതി വഴി നിർവ്വഹണം നടത്തുന്ന മരാമത്ത് പ്രവൃത്തികളുടെ യഥാർത്ഥ നിർവ്വഹണം.

ഇത്തരം അപാകതകൾ ഒഴിവാക്കി മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം നടത്തുന്നതിന് പഞ്ചായത്ത് ഭരണ സമിതിയും, വികസനകാര്യ സ്ഥിരം സമിതിയും ശ്രദ്ധിക്കേണ്ടതാണ്. എല്ലാ പ്രവൃത്തികളിലും ഫലപ്രദമായ ണോണിറ്ററിംഗ് വികസനകാര്യ സ്ഥിരം സമിതി ഉറപ്പാക്കേണ്ടതാണ്.

**3-10** <u>സമഗ്ര തുടർ വിദ്യാഭ്യാസ പരിപാടി-രേഖകൾ ഹാജരാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു.</u>

പ്രോജക്ട് നം.SO085/18

അടങ്കൽ- ₹ 1,00,000(തനതുഫണ്ട്)

ചെലവ് – ₹ 27,650(ചെക്ക്നം.2139610/26.10.17)

₹ 26850(ചെക്ക്നം.2139636/15.3.18)

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പ്രോജക്ടിനായി ചെക്ക്നം.2139636/15.3.18 പ്രകാരം 6പേരുടെ 10-ാം തരം തുല്യതാകോഴ്സിനുള്ള ഫീസിനത്തിൽ ₹ 11,000 രൂപയും (6X1,850) 7 പേരുടെ 11-ാം തരം തുല്യതാകോഴ്സിനുള്ള ഫീസിനത്തിൽ 15,750 രൂപയും (7 X2,250) ഉൾപ്പെടെ 26,850 രൂപ കേരള സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ചുവടെക്കൊടുക്കുന്ന ഗുണഭോക്താക്കളുടെ രജിസ്ട്രേഷൻ, പരീക്ഷ എഴുതിയതിന്റെ രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല.

<u>11-ാം തരം തുല്യത</u>

1.രഞ്ജുരാജ്, മായാവിലാസം

2.നിഷാദ്.എസ്, കല്ലുകുന്നുപുറത്ത് വീട്

3. സിന്ധു.ആർ , ഷീലാ വിലാസം

4.ഓമനക്കുട്ടൽ, ഈട്ടിവിളവീട്

5.അനിൽ, നിവേദ്യഭവൻ

ഗുണഭോക്താക്കളുടെ രജിസ്ട്രേഷൻ, പരീക്ഷ എഴുതിയതിന്റെ രേഖകൾ എന്നിവ ഹാജരാക്കുന്നതിനായി നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ 11 250/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

എൻക്വയറി നം.5/24.12.18

**3-11** <u>പോസ്റ്റ് ഷിഫ്റ്റിംഗ് -വിനിയോഗരേഖകൾ ഹാജരാക്കിയിട്ടില്ല -തുക തടസ്സപ്പെടുത്തുന്നു</u>

പഞ്ചായത്തിലെ വിവിധ വാർഡുകളിലെ പോസ്റ്റ് ഷിഫ്റ്റിംഗിനായി 18,678 രൂപ ചെക്ക് നം. 128715/16.11.17 പ്രകാരം അസി.എൻജിനീയർ.കെ.എസ്.ഇ.ബി, കരുകോണിന് നൽകിയിട്ടുണ്ട് . ആയതിന്റെ വിനിയോഗരേഖകൾ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 18,678 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

എൻക്വയറി നം.13/29.12.17

**3-12** <u>മെയിന്റനൻസ് പ്രവൃത്തി- ഒരേ ചെലവുരേഖകൾ ഉപയോഗിച്ച് രണ്ടുതവണ തുക ചെലവഴിച്ചു.ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ തുക തിരിച്ചടച്ചു.</u>

ഗ്രാമപഞ്ചായത്തിലെ കണ്ണംകോട് -2-ാം വാർഡിൽ 115 പോസ്റ്റുകളിൽ തെരുവുവിളക്കുകൾ മെയിന്റനൻസ് നടത്തിയയിനത്തിൽ ശ്രീ.വിനോദിന് ചെക്ക് നം.129901/6.7.17പ്രകാരം 4,200 രൂപയും ചെക്ക് നം.129918/25.7.17പ്രകാരം 4,200 രൂപയും നൽകിയിട്ടുണ്ട്. ഒരേ ചെലവുരേഖകൾ ഉപയോഗിച്ചാണ് (മസ്റ്റർ റോൾ, പോസ്റ്റുകളുടെ എണ്ണം) രണ്ടുതവണയും തുക ചെലവഴിച്ചിട്ടുള്ളത്.അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ എൻക്വയറിയുടെ അടിസ്ഥാനത്തിൽ രസീത് നം.9117919/31.12.18 പ്രകാരം തുക തിരിച്ചടച്ചു. ഒരേ ചെലവു രേഖകൾ ഉപയോഗിച്ച് രണ്ടു തവണ തുക ചെലവു ചെയ്ത ഉദ്യോഗസ്ഥനിൽ നിന്നും വിശദീകരണം വാങ്ങി ആവശ്യമെങ്കിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## ഭാഗം-4

## <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

## 4-1 സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം (₹) | ലഭിച്ച തുക (₹) | പ്രൊജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് (₹) |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 2,00,000 | അനുപൂരക പോഷകാഹാര പരിപാടി(56/17-8) | 2,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | | 1,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ്(57/17-18) | 1,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 1,00,000 | | 1,00,000 | 0 |
| ജില്ലാപഞ്ചായത്ത് | | 4,50,000 | പാലിന് സബ്സിഡി (129/17-18) | 4,50,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 2,00,000 | | 2,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 33,609 | നെൽകൃഷി വികസന പദ്ധതി(68/17-18) | 33,609 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി | നെല്ലിവിള കോളനി | ബിൽ നം-3/17-18 /05-10-2017 | 1,40,000 | വിനിയോഗ വിശദാംശങ്ങൾ ലഭിച്ചില്ല | 1,40,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

**4-4** <u>വായ്പ / വായ്പാതിരിച്ചടവ്</u>

ഇല്ല

**4-5** <u>സ്ഥിര നിക്ഷേപം</u>

ഇല്ല

**4-6** <u>ഓഡിറ്റ് റിക്കവറി</u>

ഈയിനത്തിൽ തൻവർഷം ലഭിച്ച 19,105/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (₹) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 3-2 | 19,105 | ശ്രീ.അനീഷ് അസിസ്റ്റന്റ് എഞ്ചിനീയർ | 11703100315/ 03-05-2017 |

**4-7** <u>സമാഹൃത ഓഡിറ്റ് റിപ്പോർട്ട്</u>

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1996-97 | 3-1 | 2006-07 | 3-1<br>8-3 | ഉപയോഗശൂന്യമായ പവർടില്ലർ ലേലം | ഒരു പവർടില്ലർ ലേലം ചെയ്തു |

**4-8** <u>ചാർജ് /സർചാർജ് നടപടികളുടെ വിവരം</u>

ഇല്ല

## **4-9** ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,13,10,328 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,34,48,387 |
| വരവിനങ്ങളിലുള്ള നഷ്ടം | ---- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 6,08,208 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 17,49,393 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 50,000 | ശ്രീമതി.ഷാജിതാബീഗം അസി.സെക്രട്ടറി |
| 3-2 | | 2,70,000 | ശ്രീമതി.ഷാജിതാബീഗം അസി.സെക്രട്ടറി |
| 3-3 | | 29,800 | ശ്രീമതി.ഷാജിതാബീഗം അസി.സെക്രട്ടറി |
| 3-5 | | 59,708 | ശ്രീ.അനീഷ്കുമാർ.ജെ അസി.എഞ്ചിനീയർ |
| 3-6 | | 1,50,000 | ശ്രീമതി.ഷാജിതാബീഗം അസി.സെക്രട്ടറി |
| 3-7 | | 2,500 | ശ്രീമതി.ഷാജിതാബീഗം അസി.സെക്രട്ടറി |
| 3-8 | | 46,200 | ശ്രീമതി.ജയമോൾ,വി.ഇ.ഒ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 1,50,150 | ശ്രീമതി.ഷാജിദാബീഗം അസിസ്റ്റന്റ് സെക്രട്ടറി |
| 3-4 | 12,24,315 | ശ്രീ. അനീഷ് കുമാർ ജെ-₹ 11,31,522 അസിസ്റ്റന്റ്എഞ്ചിനീയർ |
| | | ശ്രീമതി.രമ്യാ സത്യൻ- ₹ 92,793 അസിസ്റ്റന്റ്എഞ്ചിനീയർ |
| 3-7 | 3,45,000 | ശ്രീമതി.ഷാജിദാബീഗം അസിസ്റ്റന്റ് സെക്രട്ടറി |
| 3-10 | 11,250 | ശ്രീമതി.ഡി. ബിനി,ഹെഡ്മിസ്ട്രസ് |
| 3-11 | 18,678 | വി.സുരേഷ് കുമാർ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ഷാജിദാബീഗം | അസിസ്റ്റന്റ് സെക്രട്ടറി | മാങ്കുന്നിൽ വീട് |

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | അലയമൺ ഗ്രാമപഞ്ചായത്ത് | പെരിങ്ങാട് ചാണപ്പാറ |
| ശ്രീ.അനീഷ് കുമാർ.ജെ അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ കോന്നി ഗ്രാമപഞ്ചായത്ത് | അഭിലാഷ് ഭവൻ ഇളമാട് കൊല്ലം |
| ശ്രീമതി.ജയമോൾ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ അലയമൺ ഗ്രാമപഞ്ചായത്ത് | ജയ് ഭവൻ ചെമ്പകരാമനെല്ലൂർ |
| ശ്രീ.സുരേഷ്കുമാർ സെക്രട്ടറി | സെക്രട്ടറി അലയമൺ ഗ്രാമപഞ്ചായത്ത് | നെല്ലിക്കുന്നത്ത് വീട് തൃക്കോവിൽവട്ടം, മുഖത്തല |
| ശ്രീമതി.ബിനി.ഡി ഹെഡ്മിസ്ട്രസ്സ് | ഹെഡ്മിസ്ട്രസ്സ് ഗവ.ന്യൂ.എൽ.പി.എസ്, അലയമൺ | കുളിർമ്മ, തഴമേൽ, അഞ്ചൽ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | കെ.എസ്.എ/കെ.എൽ.എം/പി-1/447(2)/02-03-2018 |
| 1997-98 | കെ.എസ്.എ/കെ.എൽ.എം/പി-1/447(3)/02-03-2018 |
| 1998-99 | കെ.എസ്.എ/കെ.എൽ.എം/പി-1/447(4)/02-03-2018 |
| 2001-02 | കെ.എസ്.എ/കെ.എൽ.എം/പി-1/447(7)/02-03-2018 |
| 2002-03 | കെ.എസ്.എ/കെ.എൽ.എം/പി-1/447(8)/02-03-2018 |
| 2003-04 | കെ.എസ്.എ/കെ.എൽ.എം/പി-1/447(9)/02-03-2018 |
| 2004-05 | കെ.എസ്.എ/കെ.എൽ.എം/പി-1/447(10)/02-03-2018 |

| | |
|---|---|
| 2005-06 | കെ.എസ്.എ/കെ.എൽ.എം/പി-1/447(11)<br>/02-03-2018 |
| 2006-07 | എൽ.എഫ്.ക്യൂ/പി4-1324/11/12-09-2011 |
| 2007-08 | എൽ.എഫ്.ക്യൂ/പി4-190/11/23-06-2012 |
| 2008-09 | എൽ.എഫ്.ക്യൂ/പി4-1001/11/29-09-2012 |
| 2009-10&<br>2010-11 | എൽ.എഫ്.ക്യൂ/പി4-10561/16-08-2012 |
| 2011-12&<br>2012-13 | എൽ.എഫ്.ക്യൂ/പി4-10561/16-08-2012 |
| 2013-14&<br>2014-15 | കെ.എസ്.എ/കെ.എൽ.എം-പി-4/1132/2016/<br>21-07-2016 |
| 2015-16 | കെ.എസ്.എ/കെ.എൽ.എം-പി-4/309/2017/<br>14-02-2017 |
| 2016-17 | കെ.എസ്.എ/കെ.എൽ.എം-പി-1/896/2017/<br>14-12-2017 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## അനുബന്ധം 2

### സംക്ഷിപ്തം

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം 2017-18

കെ.എസ്.എ.കെ.എൽ.എം.പി.1/56/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
പഴയ മുനിസിപ്പൽ ബിൽഡിംഗ്,
ചിന്നക്കട, കൊല്ലം.
പിൻ - 691 001, Ph: 0474 – 2740141
E-mail: doklm.ksad@kerala.gov.in
തീയതി : 04/04/2019

### സാക്ഷ്യപത്രം 2018-2019

1994-ലെ കേരളലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4- ാംവകുപ്പും,1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാംവകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും അലയമൺ ഗ്രാമപഞ്ചായത്തിന്റെ 2017-18ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

താഴെ പറയുന്ന ന്യൂനതകൾ ഒഴിച്ചുനിർത്തിയാൽ എന്റെ അഭിപ്രായത്തിൽ വാർഷികധനകാര്യപത്രിക അലയമൺ ഗ്രാമപഞ്ചായത്തിന്റെ 2017-18ലെ വരവ്-ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പും ജൂൺ 12ലെ ജി.ഒ.(പി). 319/2003/ഫിൻ നമ്പർ സർക്കാർ ഉത്തരവും അനുസരിച്ചാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഫീസ്, കൊല്ലം